

KALYAN SI


# വല്മീകം

# MEMBERS OF THIS PROJECT

*HISHAM MHD*




*SHAMNAD*





ABHINAND



ADISH


HEADMISTRESS
SHILA VARGHESE

# സന്ദേശം

- ജി വി എച്ച് എസ് എസ്  ബാലുശ്ശേരിയിലെ വിദ്യാർത്ഥികൾ രൂപകല്പനചെയ്ത ഈ മാഗസിൻ 'വാല്മീക'ത്തിന് എല്ലാ വിധ ആശംസകളും നേരുന്നു.  കുട്ടികളുടെ മനസ്സിൽ ഉറങ്ങിക്കിടക്കുന്ന സർഗാത്മക വാസനകളെ  ഉണർത്തുന്നതിലും  അവരുടെ അന്തഃചോദനകൾക്ക്  ആവിഷ്കാരഭംഗി കൊടുക്കുന്നതിലും ഇത്തരം സംരംഭങ്ങൾക്ക്  നിർണ്ണായകമായ പങ്കുണ്ടെന്ന് ഓർമ്മിപ്പിക്കട്ടെ. ലിറ്റിൽകൈറ്റിന്റെ  ഇത്തരം പ്രവർത്തനങ്ങൾ ഇനിയും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

- ഹെഡ് മിസ്ട്രസ്സ്
- ഷൈലാ വർഗീസ്

# മുഖമൊഴി

- ഇത് വല്മീകം...മൺപുറ്റിൽ നിന്നും  മാ നിഷാദാ എന്നതിലേക്ക് പരിവർത്തനം ചെയ്യപ്പെട്ട ആദി കവി.....  കവിത്വത്തിലേക്കുള്ള ബാലമനസ്സിന്റെ ആദ്യത്തെ കാൽവെപ്പാണിത്. വിവര സാങ്കേതികവിദ്യയെ ക്രൂട്ടുപിടിച്ച് വിദ്യാലയം പുത്തനുണർവ്വലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നു. മനുഷ്യത്വത്തിന്റെ മുഖത്ത് വീണ ചാരത്തെ തുടച്ച് നീക്കി  പുതിയമാനവനുയർക്കുന്ന കാലത്ത്  ഞങ്ങളും ഉണർവ്വിലേക്കും  ഉയർച്ചയിലേക്കും നയിക്കപ്പെടുന്നു. നല്ലതിനെ തിരിച്ചറിയാൻ..... നന്മ വീണ്ടെടുക്കാൻ..... ജീവിതവിജയത്തിനായ്......

സ്റ്റാഫ് എഡിറ്റർ

# CONTENT

- 1.STORY BY OUR FRIENDS
- 2.THE CROW AND WELL
- 3.TIT FOR TAT
- 4ഗാന്ധി ദർശനം
- ***5 കടമ്മിനിട്ടയുടെ ശാന്ത***
- ***6.കഥയും തിരക്കഥയും***
- ***7.കടമ്മിനിട്ടയുടെ ശാന്ത***

- 8.ആരാച്ചാർ
- 9.***മഞ്ഞവെയിൽ മരണങ്ങൾ***
- ***10.***മഴ
- 11.മാണിക്യ വീണ
- 12.ചിരംജീവി

- 13. ***ഭാഷകൾ 'വംശനാശ' ഭീഷണിയില്***
- ***14.* ബെന്യാമിൻ**
- ***15.* കവിതാ പഠനങ്ങൾ**

# The story made by our friends



## കിട്ടിയതിൽ പാതി

വിലാസ്

കള്ളൻ ഗുമ്മു മോഷ്ടിക്കാൻ ഒരു വലിയ വീടു കണ്ടുവച്ചു. രാത്രിയിൽ അവിടെ മോഷ്ടിക്കാനെത്തിയപ്പോൾ അതാ മറ്റൊരു കള്ളൻ-തിമ്മു!

“ഹും, ഞാനിവിടെ മോഷ്ടിക്കും. നീ നിൻെറ പാട്ടിനു പോ.” അവർ തർക്കമായി. ഒടുവിൽ ഗുമ്മു പറഞ്ഞു: “ഞാൻ കയറി മോഷ്ടിക്കാം. കിട്ടുന്നതിൽ പാതി തന്നേക്കാം.”

അതു സമ്മതിച്ച് സന്തോഷത്തോടെ തിമ്മു പുറത്തു നിന്നു. ഗുമ്മു മതിൽ ചാടി അകത്തു കടന്നു. അല്പം കഴിഞ്ഞപ്പോൾ ഗുമ്മു തിരിച്ചെത്തി. എന്നിട്ട് തിമ്മുവിൻെറ കൈ പിടിച്ച് ഒറ്റക്കടി!

“ഹയ്യോ.. ഇതെന്താ?”

“കിട്ടിയതിൽ പാതി തന്നതാ. അവിടത്തെ പട്ടി എന്നെ രണ്ടു തവണ കടിച്ചു.”

# *The crow and the well*

*Once a time the crow was flying in the sky*
*And the crow was very tired a the crow need*
*Water and the crow looks for water and the crow*
*See a pottery in the house and the crow looks*
*To the pottery and he see some water in the down*
*And the crow got an idea  there is some rock are*
*In the house and the crow take the rock and put*
*It in the pottery and the crow get the water*

***

# Tit for Tat

Once upon a time there was a fox and a crane.The fox was a well known cheater in the forest.He was many a times caught cheating people for fun.The crane was just an ordinary fellow who was often fooled by the others

# ഗാന്ധി ദർശനം

എല്ലാ ഗുണങ്ങളും ഒത്തൊരു മഹാത്മാവേ

പ്രണമിക്കുന്നു നിൻ തൃപദങ്ങളിൽ

ലോകമെമ്പാടും  പ്രകാശിച്ചുനിൽക്കുന്ന

നീയാണഹിംസതൻ വജ്രായുധം

മൊട്ടത്തലയിലെ  പൂർണ്ണബുദ്ധിക്ക്

കിട്ടിയതാണീസ്വതന്ത്ര്യാമൃതം

അഹിംസതൻ മൂർച്ചയേറിയവാളുമായ്

ഒറ്റയ്കുനയിച്ചു ഈ നാടിനെ

അർദ്ധനഗ്നമാം നിൻ ശരീരവും

ആദർശ്  വി എസ്

# കടമ്മിനിട്ടയുടെ ശാന്ത

ജീവിതത്തിന്റെ പ്രത്യക്ഷ യാഥാർത്ഥ്യങ്ങളിൽ നിന്നാണ് കടമ്മിനിട്ടക്കവിതകൾ രൂപപ്പെടുന്നത്. ജീവിതത്തിന്റെ ബഹ്യവും ആഭ്യന്തരവുമായ വൈരുദ്ധ്യങ്ങളുടെ സംഘർഷത്തിൽ നിന്ന് ഉരുത്തിരിയുന്ന അനുഭവത്തെ സത്യസന്ധമായി അവതരിപ്പിക്കുന്നിടത്താണ് ആ കവിതകൾ തനിമ നേടുന്നത്. ആത്മ നിഷ്ഠവും വസ്തുനിഷ്ഠവുമായ നിലവിലുള്ള ജീവിത സത്യങ്ങളുടെ സംഘർഷ സമന്വയങ്ങൾ കടമ്മിനിട്ട കവിതയിലുണ്ട്. അത് ചരിത്രവും വർത്തമാനവും ഈ നിലയിൽ ഏകീഭവിക്കുന്നു. വർത്തമാന യാഥാർത്ഥ്യത്തിന്റെ വിശദീകരണവും ചരിത്രത്തിന്റെ സംക്ഷിപ്തീകരണവും മനുഷ്യാവസ്ഥയുടെ ഉൾപ്പൊരുൾ തേടുന്നതിന് കടമ്മനിട്ട കവിത ഉപയുക്തമാക്കുന്നു. ഇങ്ങനെ പല വിതാനത്തിൽ തെളിയുന്ന സംഘർഷ സമന്വയങ്ങളുടെ അന്തർഘടനയും കലാതന്ത്രവുമാണ് കടമ്മിനിട്ടയുടെ കവിതകളെ വ്യതിരിക്തമാക്കുന്നത്. 1960 കളിൽ പ്രമുഖ്യം നേടിയ ആധുനികതാ പ്രസ്ഥാനത്തിന്റെയും ഭാവുകത്വത്തിന്റെയും സീമകളെ അതിലംഘിച്ച് നിൽക്കത്തക്ക വിധത്തിലുള്ള മൗലികത്വം കടമ്മിനിട്ടയുടെ ശ്രദ്ധേയമായ കവിതകൾക്കൊക്കെയുണ്ട്. ആദ്യകാലത്ത് അടുത്ത സുഹൃത്തുക്കളുടെ സംഘങ്ങളിലും ചെറിയ സാഹിത്യ സദസ്സുകളിലും

ആകാശ്കൃഷ്ണ

# കഥയും തിരക്കഥയും

മലയാള ചലച്ചിത്രങ്ങളും കഥകളും പരാമർശിക്കുന്ന കൃതിയാണ് കഥയും തിക്കഥയും. മലയാള സിനിമയിലെ ധാരാളം ചലച്ചിത്രങ്ങളെ കുറിച്ചെല്ലാം ഇതിൽ പറയുന്നുണ്ട്. വായനക്കാരന് മനസ്സിലാവുന്ന രീതിയാലാണ് രചിയിതാവ് ഈ പുസ്തകം രചിച്ചിരിക്കുന്നത്.

കഥയും തിരക്കഥയും തമ്മിലുള്ള വ്യത്യാസം ഉദാഹരണത്തോടെ കാണിക്കുന്നുണ്ട്. കഥ ദൃശ്യവൽക്കരിക്കാൻ വേണ്ടി തയ്യാറാക്കുന്നതാണ് തിരക്കഥ. കഥ എന്നത് വാക്കുകളിലൂടെ പ്രകടിപ്പിക്കുന്നതാണ്. തിരകഥ എന്നാൽ അത് ഒരോ നിമിഷത്തിലും ജീവൻ നൽകാൻ വേണ്ട സംഭവങ്ങളും കഥാപാത്രങ്ങളും കഥയെ ആസ്പദമാക്കിയുള്ള സ്ഥലവും എല്ലാം ഉൾപ്പെടുത്തി എഴുതുന്നതാണ് പിന്നീട് ചില കഥകൾ തിരക്കഥകളാക്കുന്നതിലേക്കാണ് കടക്കുന്നത്. കൊടിയേറ്റം എന്ന സിനിമയുടെ തിരകഥ ഇതിനുദാഹരണമാണ്. കഥയെ ജീവൻവക്കുന്നതാണ് തിരക്കഥകൾ എന്ന് ഈ ലേഖനത്തിലൂടെ പറയുന്നു.

നല്ല തിരകഥകളിൽ നിന്നാണ് നല്ല സംവിധായകർ ഉണ്ടാവുന്നത്. അടൂരിനെ പോലുള്ള തിരക്കഥാകൃത്തുക്കളും ഇന്നത്തെ കാലത്തെ ന്യൂജൻ തിരകഥകൃത്തുക്കളും തമ്മിലുള്ള വ്യത്യാസം നമുക്ക് ഇതിൽനിന്ന് മനസ്സിലാക്കാം. ഒഴുകികൊണ്ടിരിക്കുന്ന നദിപോലെയാവണം ഒരു തിരകഥ. ആ നദിയിലൂടെ ഒഴുകുന്നവരാണ് നല്ല തിരകഥാകൃത്തുക്കൾ എന്നും ഈ ലേഖനത്തിൽ അഭിപ്രായപ്പെടുന്നു.

കഥയിലൂടെ ആഴ്ന്നിറങ്ങി തിരകഥകളിലൂടെ ഒഴുകുമ്പോൾ തിരകഥ കളെ ക്കുറിച്ച് ഒരു നല്ല ധാരണ നൽകാൻ ഈ കഥയും തിരകഥയും എന്ന ലേഖനത്തിന് കഴിയുന്നു.

സിനിമയെക്കുറിച്ച് കൂടുതൽ അറിയാനും അത് എന്തെന്ന് മനസ്സിലാക്കാനും ഈകൃതി വളരെ സഹായിക്കുന്നു. ഒരു ദൃശ്യത്തെ തിരകഥകളിലൂടെ എങ്ങനെ ജീവൻ നൽകാം എന്ന് ഇതിൽ നിന്നും പഠിക്കുന്നു. അല്പം ചിന്തിച്ചാൽ മനസ്സിലാക്കാവുന്ന ആശയങ്ങളും വിവരണങ്ങളും മാത്രമേ ഇതിലുള്ളൂ. ലളിതമായി കാര്യങ്ങൾ വായനക്കാരിലേക്ക് എത്തിച്ചു. പുതിയ സിനിമലോകത്തെ വാർത്തെടുക്കാനുള്ള വജ്രായുധമാണ് കഥയും തിരകഥയും.

അനന്ദു ഷ്

# കഥയും തിരക്കഥയും

ലയാള ചലച്ചിത്രങ്ങളും കഥകളും പരാമർശിക്കുന്ന കൃതിയാണ് കഥയും തിക്കഥയും. മലയാള സിനിമയിലെമ ധാരാളം ചലച്ചിത്രങ്ങളെ കുറിച്ചെല്ലാം ഇതിൽ പറയുന്നുണ്ട്. വായനക്കാരന് മനസ്സിലാവുന്ന രീതിയാലാണ് രചിയിതാവ് ഈ പുസ്തകം രചിച്ചിരിക്കുന്നത്.

കഥയും തിരക്കഥയും തമ്മിലുള്ള വ്യത്യാസം ഉദാഹരണത്തോടെ കാണിക്കുന്നുണ്ട്. കഥ ദൃശ്യവൽക്കരിക്കാൻ വേണ്ടി തയ്യാറാക്കുന്നതാണ് തിരക്കഥ. കഥ എന്നത് വാക്കുകളിലൂടെ പ്രകടിപ്പിക്കുന്നതാണ്. തിരകഥ എന്നാൽ അത് ഒരോ നിമിഷത്തിലും ജീവൻ നൽകാൻ വേണ്ട സംഭവങ്ങളും കഥാപാത്രങ്ങളും കഥയെ ആസ്പദമാക്കിയുള്ള സ്ഥലവും എല്ലാം ഉൾപ്പെടുത്തി എഴുതുന്നതാണ് പിന്നീട് ചില കഥകൾ തിരക്കഥകളാക്കുന്നതിലേക്കാണ് കടക്കുന്നത്. കൊടിയേറ്റം എന്ന സിനിമയുടെ തിരകഥ ഇതിനുദാഹരണമാണ്. കഥയെ ജീവൻവക്കുന്നതാണ് തിരക്കഥകൾ എന്ന് ഈ ലേഖനത്തിലൂടെ പറയുന്നു.

നല്ല തിരകഥകളിൽ നിന്നാണ് നല്ല സംവിധായകർ ഉണ്ടാവുന്നത്. അടൂരിനെ പോലുള്ള തിരക്കഥാകൃത്തുക്കളും ഇന്നത്തെ കാലത്തെ ന്യൂജൻ തിരകഥകൃത്തുക്കളും തമ്മിലുള്ള വ്യത്യാസം നമുക്ക് ഇതിൽനിന്ന് മനസ്സിലാക്കാം. ഒഴുകികൊണ്ടിരിക്കുന്ന നദിപോലെയാവണം ഒരു തിരകഥ. ആ നദിയിലൂടെ ഒഴുകുന്നവരാണ് നല്ല തിരകഥാകൃത്തുക്കൾ എന്നും ഈ ലേഖനത്തിൽ അഭിപ്രായപ്പെടുന്നു.

കഥയിലൂടെ ആഴ്നിറങ്ങി തിരകഥകളിലൂടെ ഒഴുകുമ്പോൾ തിരകഥ കളെ ക്കുറിച്ച് ഒരു നല്ല ധാരണ നൽകാൻ ഈ കഥയും തിരകഥയും എന്ന ലേഖനത്തിന് കഴിയുന്നു.

സിനിമയെക്കുറിച്ച് കൂടുതൽ അറിയാനും അത് എന്തെന്ന് മനസ്സിലാക്കാനും ഈകൃതി വളരെ സഹായിക്കുന്നു. ഒരു ദൃശ്യത്തെ തിരകഥകളിലൂടെ എങ്ങനെ ജീവൻ നൽകാം എന്ന് ഇതിൽ നിന്നും പഠിക്കുന്നു. അല്പം ചിന്തിച്ചാൽ മനസ്സിലാക്കാവുന്ന ആശയങ്ങളും വിവരണങ്ങളും മാത്രമേ ഇതിലുള്ളൂ. ലളിതമായി കാര്യങ്ങൾ വായനക്കാരിലേക്ക് എത്തിച്ചു. പുതിയ സിനിമലോകത്തെ വാർത്തെടുക്കാനുള്ള വജ്രായുധമാണ് കഥയും തിരകഥയും.

അനന്ദു സുരേഷ്

# • ആരാച്ചാർ

മാധവിക്കുട്ടിക്കും സാറാജോസഫിനും ശേഷം മലയാളത്തിലുണ്ടായ ഏറ്റവും പ്രൊഫഷണലായ ഏഴുത്തുകാരിയാണ് കെ ആർ മീര. നിരൂപകർ, പ്രസാദകർ മാധ്യമങ്ങളിലെ പ്രചാരകർ തുടങ്ങയവരുടെ പിന്തുണയോടെ തന്റെ സർഗജീവിതം എഴുത്തുകളത്തിൽ സമർത്ഥമായി കരുനീക്കുന്നതിൽ മീരക്കുള്ള വൈഭവം മറ്റൊരി എഴുത്തുകാരിക്കല്ല, ആധുനികോത്തരം മലയാളത്തിലുണ്ടായ ഏറ്റവും മികച്ച നോവലുകളിലൊന്നാണ് ആരാച്ചാർ. സമീപകാല ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ അടിസ്ഥാനപരമായ മൂല്യസംഘർഷങ്ങളാണ് ഇതിന്റെ നേർചിത്രം. വാർത്താ ടെലിവിഷൻ മനുഷ്യജീവിത്തിൽ നടത്തുന്ന മ്ലേച്ഛവും ഹീനവുമായ കടന്നുകയറ്റങ്ങളുടെ കുററവിചാരണയാണ് ആരാച്ചാർ.

ബംഗാൾ പശ്ചാത്തലമാക്കിയ നോവൽ പരമ്പരകളായി വധശിക്ഷനടപ്പാക്കാൽ തൊഴിലാക്കിയ ഒരു കുടുംബത്തിന്റെ കഥപറയുന്നു. നോവലിലെ കേന്ദ്രകഥാപാത്രമായ ചേതന തന്റെ പരമ്പരാഗതമായ തൊഴിൽ സ്വായത്തമാക്കിത്തീർക്കുന്നതിൽ തീവ്രപ്രയത്നം ചെയ്യുന്ന ശക്തമായ ഒരു സ്ത്രീയാണ്. നാനൂറ്റിയമ്പൊത്തൊന്ന് പേരെ കാലപുരിക്ക് കൈപിടിച്ചിട്ടുള്ള വൃദ്ധനായ ചേതനയുടെ പിതാവും വികലാംഗനുമായ സഹോദരനും ഈ തൊഴിലെടുക്കാനാവില്ല. ബാക്കിയുള്ളത് ചേതനയാണ്. ജനിക്കുമ്പോൾ പൊക്കിൾ കൊടിയിൽ കുരുക്ക്തീർത്തുകൊണ്ട് പുറത്തെത്തിയ ചേതന ആരാച്ചാരുടെ രക്തമാണ്.

അഫ്ജിൻ കൃഷ്ണ വി എസ്

## • മഞ്ഞവെയിൽ മരണങ്ങൾ

പ്രശസ്ത നോവലിസ്റ്റ് ബന്യാമിൻ എഴുതിയ, വളരെ ആകാംക്ഷഭരിതമായി നോവൽ തീരുന്നതുവരെ വായനക്കാരെ പിടിച്ചിരുത്താൻ കഴിവുള്ള ഒരു നോവലാണ് 'മഞ്ഞ്‌വെയിൽ മരണങ്ങൾ.' തന്റെ പ്രത്യേക ശൈലിയിൽ ബന്യാമൻ ഈ നോവൽ വളരെ മനോഹരമാക്കിയിരിക്കുന്നു.

മഞ്ഞവെയിൽ മരണങ്ങൾ എന്ന നോവലിന്റെ ഉള്ളടക്കം ഇങ്ങനെ- ഉദയം പേരൂരിൽ മറിയം സേവ നടത്തുന്ന വല്യടത്തുവീട്ടിൽ ബന്യാമനും സുഹൃത്ത് അനിലും എത്തിയത് ഒരു അന്വേഷണത്തിന്റെ ഭാഗമായിട്ടായിരുന്നു. ഡീഗ ഗാർഷ്യ എന്ന സ്ഥലത്തു താമസിക്കുന്ന അന്ത്രേപ്പേർ എന്ന ചെറുപ്പക്കാരനെക്കുറിച്ചറിയുക എന്നതായിരുന്ന അവരുടെ ദൗത്യം. എന്നാൽ അന്ത്രേപ്പേർഎന്നും ഡീഗാ ഗാർഷ്യഎന്നും കേട്ടതോടെ മറിയം സേവകാകരുടെ ഭാവം മാറി. അവർ ബന്യാമനേയും അനിലിനേയും പുറത്താക്കാൻ തുനിഞ്ഞതോടെ അന്ത്രേപ്പേർ എഴുതികൊണ്ടിരുന്ന പിതാക്കന്മാരുടേ പുസ്തകം എന്ന ജീവിതകഥയുടെ ചില ഭാഗങ്ങൾ തന്റെ കൈയ്യിലുണ്ടെന്ന് ബന്യാമിൻ വെളിപ്പെടുത്തുന്നു.

അലൻ സൂര്യ എൻ എസ്

# മഴ

എവിടെ നിന്നോ ഒരു കരച്ചിൽ കേട്ടാണ് ബാലാമണിയുംകുടുംബവും ഉണർന്നത് .നാലു ദിവസമായി നിലയ്ക്കാത്ത മഴയായതിനാൽ നാട്ടിൽ രാവും പകലും ഒരുപോലെ ആയിരിക്കുകയാണ് .ആരും വെളിയിലേക്ക് ഇറങ്ങുന്നില്ല .തുള്ളിക്കൊരുകുടമായി മഴ പെയ്യുകയാണ് "തുണയതുഭാഗ്യം" ഇടയ്ക്കിടെ പായും. നേരം പുലർന്നു. പല്ലു തേയ്ക്കാനായി ഇറങ്ങിയ ബാലാമണിയെ വിളിച്ച് തെക്കേലെ മാരിയമ്മ പറഞ്ഞു. ബാലാമണിയേ....നമ്മുടെ കൊച്ചു വളപ്പിലെ കുമാരൻ മരിച്ചു. ഏതാനും വലിയ ചതിയാ കണ്ടത്. ആശുപത്രിയിൽ കൊണ്ടു പോകാൻ മഴ കാരണം കഴിഞ്ഞില്ല. വഴിയെല്ലാം മണ്ണിടിഞ്ഞു വീണുകിടക്കല്ലേ...വണ്ടിയൊന്നും കിട്ടിയില്ലത്രേ... പകർച്ചവ്യാധിയാണെന്നാ പറയുന്നേ... ആരും കാണാൻ പോയില്ല. നാട്ടുകാരെല്ലാം മാറിതാമസിക്കാൻ അറിയിപ്പുണ്ടെന്നാ കേൾക്കുന്നേ.. നമ്മളിനിയും എങ്ങോട്ടു മാറി താമസിക്കാനാണേ.. വരുന്നത് വരട്ടെ.. മാരിയമ്മ നെടുവീർപ്പിട്ടു. അന്ന് ഉച്ച കഴിഞ്ഞപ്പോൾ ചില വീടുകളിലെ കോഴിയും ആടും പശുവുമെല്ലാം ചത്തെന്നു കേട്ടപ്പോൾ ബാലാമണിക്ക് നേരിയ പേടി തോന്നി. ഇന്നലെ കുട്ടന് നേരിയ പനിയുണ്ടായിരുന്നുവെന്ന് അവൾ ഓർത്തു. ഈ നശിച്ച മഴയെല്ലാവരെയും കൊണ്ടു പോകുമെന്നാണ് തോന്നുന്നത്. ബാലാമണി പറഞ്ഞു രണ്ടു ദിവസം കഴിഞ്ഞപ്പോൾ മഴ അല്പമൊന്നു ശമിച്ചതായി തോന്നി. ഗ്രാമത്തിലെ എല്ലാവർക്കും പകർച്ച വ്യാധിയായിട്ടുണ്ട്. ബാലാമണി കുട്ടനെയും കൂട്ടി രാജുവിനോടോത്ത് സ്വന്തം വീട്ടിലേക്ക് പോകാനൊരുങ്ങുകയാണ്. തെക്കേതിൽ നിന്നൊരു കൂട്ട് നിലവിളികേട്ട് രാജു ഓടിപ്പോയി. കുട്ടൻഓടിവന്ന് പറഞ്ഞു അമ്മേ മാരിവില്ലും മരിച്ചു. ബാലമണിക്ക് വിശ്വസിക്കാൻ പറ്റിയില്ല.

# മാണിക്യ വീണ

മലയാളത്തിലെ പ്രസിദ്ധകവി  വെണ്ണിക്കുളം ഗോപാലക്കുറുപ്പ് രചിച്ച ഒരു  ഭാഷാ ഭക്തി ഗാനമാണ് മാണിക്യവീണ. മലയാളഭാഷയെ അദ്ദേഹം ഇവിടെ പുകഴ്ത്തി വർണ്ണിക്കുന്നു.ഒരോ ഭാഷകൾ ഒരോ ഗോത്രത്തിലാണ്.  മലയാളഭാഷ ദ്രാവിഡ ഗോത്രത്തിൻപ്പെട്ട ഭാഷയാണ്. തമിഴ് ആണ് ഇതിൽ ഏറ്റവും പ്രാചീനം.  പക്ഷേ  ദ്രാവിഡഭാഷയുടെ നന്ദിനി എന്നറിയപ്പെടുന്നത് നമ്മുടേ മാതൃഭാഷയായ മലയാളമാണ്.  കൂടാതെ  മനസ്സ്  കവർന്ന  ഭാഷാ എന്നും അദ്ദേഹം  വിളിക്കുന്നു. ചന്ദനസുഗന്ധം കലർന്ന ഭാഷയാണ് മലയാളം. ചന്ദനം ചുരുങ്ങിയ പ്രദേശത്തെയുള്ളൂ.  എന്നാൽ അതിന്റെ ഗന്ധം വ്യപിക്കുന്നത് വളരെ  വിശാലമായ ദേശത്താണ്. കൂടാതെ അമൃതം പോലെ ദിവ്യമായ ഭാഷയെന്നും  കവി പറയുന്നു. കുട്ടികൾക്ക് നൽകുന്ന മുല്ലപ്പൂപോലെ  പവിത്രമാണ്  മലയാളമെന്നും കവി പറയുന്നു.ഒരു കൈകുടത്തോളം വലുപ്പമുള്ള  സംസ്ഥാനമാണ് കേരളം .വിസ്തൃതിയിൽ സംസ്ഥാനങ്ങളുടെ കൂട്ടത്തൽ 22ആം സ്ഥാനം. പക്ഷ നമ്മുടെ ഭാഷയുടെ    കീർത്തി  വളരേ വളരെ വലുതാണ്. അന്തരീക്ഷത്തിൽ പൂവിന്റെ സുഗന്ധം പരക്കുന്ന വേഗത്തിലും  വലുപ്പത്തിലും  മലയാളഭാഷ ലോകത്ത് പരക്കുന്നു.  കഥാകാരന്മാർ കഥകളിലൂടെ ഭാഷയെ വികസിപ്പിച്ചു. അവർ ഭാഷയെ കാമസുരഭി പോലെയുള്ളതാണെന്ന് പറയുന്നു. ഈ ഭഷ പറയുന്ന നാവ് പുണ്യമാണ്.  അവസാനം കവിതയിൽ ഇങ്ങനെ പറയുന്നു മലയാളമെന്ന് കേട്ടാൻ മതി കോരിത്തരിപ്പിന്റെ കൊയ്ത്തുകാലം .... നിന്നെ ഓർക്കുമ്പോൾ  ഓരോ ഹൃദയവും ഓടിയോടം...

ശ്രീ ഹരി

# ചിരംജീവി

മുപ്പത് വയസ്സായ ഒരാളുടെ  അടുത്ത് കാലൻ പ്രത്യക്ഷപ്പെട്ടു. ആരാണ്നീ? യുവാവ് ചോദിച്ചു.  ഞാൻ കാലൻ  നിന്റെ ജീവനെടുക്കാൻ വന്നതാണ്. അയ്യോ കഷ്ടം എന്നെ രക്ഷിക്കണം  ഞാൻ ജീവിക്കാൻ തുടങ്ങുന്നതേയുള്ളൂ.   കല്യാണം കഴിച്ചത് മെനിയാന്നാണ്.എനിക്ക് ജീവിച്ചു കൊതി തീർന്നിട്ടില്ല. അതൊന്നും പറഞ്ഞാൽ പറ്റില്ല. ആയുസ്സിന്റെ പുസ്തകത്തിൽ നിന്നും  നിന്റെ പേര് വെട്ടാൻ പോകുന്നു. അയ്യോ അങ്ങനെ പറയരുത്. യുവാവ് സങ്കടപ്പെട്ടു. കാലൻപറഞ്ഞു ഒരു കാര്യം ചെയ്യാം  നിന്റെ അവസാനത്തെ ആഗ്രഹം പറയാൻ തുടങ്ങുക  മറ്റൊന്നും ചോദിക്കരുത് . ശരി യുവാവ്  പറഞ്ഞു  എനിക്ക് സത്യസന്ധന്മാരുടെ ഒരു മന്ത്രിസഭ  കേരളത്തിൽ അധികാരത്തിൽ ക്കേറി കണ്ടിട്ട് മരിച്ചാൽ മതി......കാലൻ പിന്നെ ഒന്നും പറഞ്ഞില്ല...........

സർക്കാർ ആശുപത്രയിൽ ചികിത്സയിൽ കഴിയുന്ന വർക്കിയുടെ മകൻ ഡോക്ടറോട്.... അച്ഛൻ ഏത്രദിവസം  ആശുപത്രയിൽ കിടക്കേണ്ടിവരും

ഡോക്ടർ.. എന്റെ മരുന്ന് കഴിക്കുന്ന ഒരാൾക്കും ഒരുപാട് ദിവസം കിടക്കേണ്ടി വരില്ല.

# ഭാഷകൾ 'വംശനാശ' ഭീഷണിയിൽ

മൃഗങ്ങൾക്കും മനഷ്യർക്കും സസ്യങ്ങൾക്കും മാത്യകമല്ല , ഭാഷകൾക്കും വംശനാശം സംഭവിക്കാം. ഒരു ഭാഷ സംസരിക്കുന്നഅവസാനത്തെയാളും മരണപ്പെടുന്നതോതടെ ആ ഭാഷ ഭൂമക-ത്തുനിന്നും തുടച്ചനീക്കപ്പടുന്നു.ഒരു ഭാഷയുടെ മരണം നിരവധിഅ-റിവുകളുടെ മരണം കുടിയാണ്. ലോകത്തെമ്പാടും ഇല്ലാതാകുമെന്ന് വേണം കരുതാൻ.

ഇന്ത്യയിൽതന്നെ ഔദ്യോക ഭാഷകൾ 22 എണ്ണം മാത്യമേയുള്ളൂവെങ്കിലും നൂറുകണക്കിന് തദ്ദേശഭാഷകൾ പ്രചാരത്തിലുണ്ട്.അവ പലതും ചെറിയൊരു പ്രദേശത്തു മാത്രം വ്യസംസാരിക്കുന്ന, ഒരു പക്ഷ, ലിപിയോ വ്യാകരണച്ചിട്ടകളോ ഒന്നുമില്ലാത്തവയായിരിക്കും .സമ്പന്നപരമായ പാരമ്പര്യം സാഹിത്യ സാമൂഹിക മേധാവിത്വം ഉണ്ടായിരുന്ന ഭാഷകളും ഭീഷണി നേരിടുന്നുണ്ട്. സംസ്കൃതം അതിനുദാഹരണമാണ്. ഇന്ത്യയിലെ വേദഭാഷാ എന്നറിയപ്പെടുന്ന നിരവധി ആത്മീയഗ്രന്ഥങ്ങളും സാഹിത്യഗ്രന്ഥങ്ങളും സൃഷ്ടിക്കപ്പെട്ട സംസ്കൃതഭാഷ ഇന്ന് കൈകാര്യ ചെയ്യാൻ അറിയുന്നവർ കുറഞ്ഞുവരികയാണ്.

ധ്യാൻ സുജിത്ത്

# • ബെന്യാമിൻ

പ്രശസ്ത രചയിതാവ് ബെന്യാമിൻ എഴുതിയ ഒരു ലേഖന സമാഹരമാണ് ഗ്രീൻസോണിനി വെളിയിൽ നിന്ന് എഴുതുമ്പോൾ എന്ന പുസ്തകം. ഈ പുസ്തകത്തിൽ ബെന്യാമിൻ തന്റെ ലേഖനങ്ങൾ , നിരീക്ഷണങ്ങൾ , സാഹിത്യവിചാരങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 12 ലേഖനങ്ങളും 13 നിരീക്ഷണങ്ങളും 11 സാഹിത്യവിചാരങ്ങളുമാണ് ഉള്ളത്. ബെന്യാമിൻ 1971 ൽ പത്തനം തിട്ട ജില്ലയിൽ ജനിച്ചു. ബെന്യാമിന്റെ ശ്രദ്ധേയമായ ഒരു പുസ്തകമായിരുന്നു ആടുജീവിതം.

ഗ്രീൻസോണിനിവെളിയിൽ നിന്ന് എഴുതുമ്പോൾ എന്ന പുസ്തകത്തിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ലേഖനം യുവാക്കളും നവമാധ്യമങ്ങളും എന്നതാണ്. ഇതിൽ പുതിയ തല മുറയിലെ യുവാക്കളെ ക്കുറിച്ചാണ് പറയുന്നത്. വിവരസാങ്കേതിക വിദ്യയിലുണ്ടായ പുരോഗമനത്തെക്കുറിച്ചാണ് യുവാക്കളും നവമാധ്യമങ്ങളും എന്ന ലേഖനത്തിൽ പറയുന്നത്.

ഈ ലേഖത്തിൽ പുതു തലമുറ കഴിഞ്ഞ 50 വർഷം കോണ്ട് ചെയ്ത നേട്ടങ്ങൾ അതിനു മുമ്പുള്ള 5000 വർഷത്തിനു തുല്യമാണ് എന്നു പറയുന്നു. ഏതൊരു കണ്ടുപിടിത്തത്തിലും ഏതൊരു മാധ്യമത്തിനും ,ഏതൊരു സാങ്കേതിക വിദ്യക്കും അതിന്റേതായ ഗുണവും ദോഷവും ഉണ്ട് എന്നും ഈ ലേഖനത്തിൽ പറയുന്നു. യുവ തലമുറയുടെ നല്ല കാര്യത്തെക്കുറിച്ചും ദോഷത്തെക്കുറിച്ചും മാണ് ഈ ലേഖനത്തിലൂടെ ബെന്യാമിൻ പറയുന്നത്.

പിന്നീട് ബെന്യാമിൻ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരീക്ഷണങ്ങളിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ലേഖനം ആരുടെ ഓണം എന്നതാണ്. ആരുടെ ഓണം എന്നത് സമകാലിക ലോകത്തെ വളരെ പ്രസക്തമായ ഒരു ചോദ്യമായാണ് ബെന്യാമിൻ കണക്കാക്കിയിരിക്കുന്നത്. ബെന്യാമിൻ സമൂഹത്തോട് ഉന്നയിക്കുന്ന ചോദ്യങ്ങളാണ് ഈ നിരീക്ഷണങ്ങളിൽ പറയുന്നത്. കേരളത്തിലെ നാനാ ജാതി മതസ്ഥർ വർഗ -വർണ -വ്യത്യാസമില്ലാതെ ആഘോഷിച്ചുവരുന്ന ഓണത്തെ ഏതൊക്കയോ ശക്തികൾ ഹൈജാക്ക് ചെയ്യാൻ ശ്രമിക്കുന്നതിനെ ക്കുറിച്ചാണ് ഈ നിരീക്ഷണത്തിൽ ബെന്യാമിൻ പറയുന്നത്

# കവിതാ പഠനങ്ങൾ

പി കെ പരമേശ്വരൻ നായരുടെ പതിനാറാം ചരമ വാർഷികം സംബന്ധിച്ച് 'കവിതാ സാഹിത്യം മലയാളത്തിൽ' എന്ന വിഷയം ആധാരമാക്കി തയ്യറാക്കിയ 16 പ്രബന്ധങ്ങളുടെ സമാഹാരമാണ് 'കവിതാപഠനങ്ങൾ ' എന്ന ഗ്രന്ഥം . പി കെ പരമേശ്വരൻ നായർ സ്മാരക ഗ്രന്ഥാവലിയിലെ 14ാംമത്തെ ഗ്രന്ഥം. ഗാന്ധിയൻ സാഹിത്യരംഗത്തും, ജീവചരിത്ര പ്രസ്ഥാനത്തിലും ,സാഹിത്യ നിരൂപണ മണ്ഡലത്തിലുമെന്നപാലെ സാഹിത്യ ചരിത്ര രംഗത്തും മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയായിരുന്നു പി.കെ പരമേശ്വരൻ നായർ. ജീവചരിത്ര സാഹിത്യ രംഗത്ത് പി.കെ ഇന്നും അജയ്യനാണ്. അദ്ദേഹത്തിന്റെ മാലയാള സാഹിത്യ ചരിത്രത്തിന് നിസ്തുലഗ്രന്ഥമെന്ന പ്രസിദ്ധിയുണ്ട്. മലയാള സാഹിത്യത്തിന്റെ നൂറ്റാണ്ടുകളിലൂടെയുള്ള ചരിത്രം വിവിരിക്കുന്ന അഞ്ചു ഗ്രന്ഥങ്ങളെത്തുടർന്ന് നോവൽ, കവിത, ചെറുകഥ, നാടകം, എന്നീ മുഖ്യ ശാഖകളെപറ്റിയുള്ള നാലു പഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കാനാണ് പികെ ട്രസ്റ്റിന്റെ ശ്രമം. നോവൽ പഠനങ്ങൾ 2004 ൽ വന്നു കഴിഞ്ഞു. അടുത്ത പുസ്തകമാണ് കവിതാ പഠനങ്ങൾ പി.കെ പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ് 1992 മുതൽ 2004 വരെ പ്രസിദ്ധീകരച്ചിട്ടുള്ള 13 പ്രബന്ധ സമാഹാരങ്ങൾ നമ്മുടെ നിരൂപണ സാഹിത്യത്തിന് വിലപ്പെട്ട സംഭാവനയാകുന്നു. പി.കെ പരമേശ്വരൻ നായരുടെ ജീവചരിത്ര ഗ്രന്ഥങ്ങളെ പറ്റിയും മലയാളത്തിലെ മറ്റു ജീവചരിത്രഗ്രന്ഥങ്ങളെപറ്റിയുമുള്ള പ്രബന്ധങ്ങളായിരുന്നു പി.കെ പരമേശ്വരൻനായരും 'ജീവചരിത്ര സാഹിത്യവും'. മലയാളത്തിലെ ഗാന്ധിസാഹിത്യം , നിരൂപണത്തിന്റെ വ്യത്യസ്ത മുഖങ്ങൾ, സാഹിത്യചരിത്രം ഇവയെപറ്റി ഓരോന്നും മലയാള നിരൂപണത്തെപറ്റി മൂന്നും ഗ്രന്ഥങ്ങൾ തുടർന്ന് പ്രസിദ്ധീകരിച്ചു. 2005 ൽ 15 പ്രബന്ധങ്ങളുടെ സമാഹാരമായ കവിതാപഠനങ്ങൾ പ്രസദ്ധീകരിക്കുന്നു.